**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -6230** **20.11.2019-ലെ മറുപടി**

**ഷൊർണ്ണൂർ കുടിവെള്ള പദ്ധതി**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.പി.കെ. ശശി** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** |
| മുപ്പത്തിയഞ്ച് കോടി രൂപ ചെലവാക്കി കിഫ്ബി മുഖാന്തിരം പണി പൂർത്തിയാക്കിയ ഷൊർണ്ണൂർ കുടിവെള്ള പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുവാനായി വിതരണ ശൃംഖല നവീകരിക്കുന്നതിനും പുതിയത് സ്ഥാപിക്കുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | | കിഫ്ബിയുടെ ധനസഹായത്തോടെ മുപ്പത്തിയഞ്ച് കോടി രൂപ ചെലവാക്കി പണികൾ പൂർത്തീകരിച്ച ഷൊർണൂർ മുനിസിപ്പാലിറ്റിയ്ക്കും വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതിയുടെ പൂർണ്ണമായ പ്രയോജനം പരമാവധി ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെ കാലപ്പഴക്കം ചെന്ന എ.സി പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 3 പ്രവർത്തികൾക്ക് കിഫ്ബിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മേൽ പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. കൂടാതെ ഷൊർണൂർ മുനിസിപ്പാലിറ്റിയിൽ പുതിയ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രോജെക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സർവേ നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ വാണിയംകുളം പഞ്ചായത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് സ്റ്റേറ്റ് പ്ലാൻ 2019-20 ൽ 5.04 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ

അനുബന്ധം

**കാലപ്പഴക്കം ചെന്ന എ.സി പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന കിഫ്ബി പ്രവൃത്തികൾ**

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി തുക(കോടിയിൽ) | തൽസ്ഥിതി |
|---|---|---|---|
| 1 | ഷൊർണൂർ മുനിസിപ്പാലിറ്റിയിലേക്കുള്ള നഗര ജലവിതരണ പദ്ധതി- ഒന്നാം മേഖല (ഉന്നതതല ജലസംഭരണി പ്രദേശങ്ങൾ) യിലേക്കുള്ള 300 എംഎം മുതൽ 80 എംഎം വരെ എ.സി.വിതരണ ലൈൻ മാറ്റുന്ന പ്രവർത്തി | 6.88 | പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 2 | ഷൊർണൂർ മുനിസിപ്പാലിറ്റിയിലേക്കുള്ള നഗര ജലവിതരണ പദ്ധതി- രണ്ടാം മേഖല (ഭൂമീതല ജലസംഭരണി പ്രദേശങ്ങൾ )യിലേക്കുള്ള 300 എംഎം മുതൽ 80 എംഎം വരെ എ.സി.വിതരണ ലൈൻ മാറ്റുന്ന പ്രവർത്തി | 5.76 | പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 3 | ഷൊർണൂർ മുനിസിപ്പാലിറ്റിയിലേക്കുള്ള നഗര ജലവിതരണ പദ്ധതി- മൂന്നാം മേഖല (കുളപ്പുള്ളി പ്രദേശങ്ങൾ) യിലേക്കുള്ള 300 എംഎം മുതൽ 80 എംഎം വരെ എ.സി.വിതരണ ലൈൻ മാറ്റുന്ന പ്രവർത്തി | 7.03 | പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.. |

Renuka Sankar
സെക്ഷൻ ഓഫീസർ